# പാഠം 15: മിശിഹായെക്കുറിച്ചുള്ള വാഗ്ദാനങ്ങളും പ്രവചനങ്ങളും

| No. | ചോദ്യം | ഉത്തരം |
|---|---|---|
| 1 | (1)മിശിഹാ എന്ന വാക്കിന്റെ അർത്ഥമെന്ത്? | അഭിഷിക്തൻ |
| 2 | ഇസ്രായേലിന്റെ ആത്മീയ ജീവിതത്തിൽ പതിവായി അവർ ആചരിച്ചിരുന്ന വിശുദ്ധദിനം ഏതാണ്? | സാബത്ത് |
| 3 | ഉൽപത്തി 3:15 എഴുതുക (ആദിമാതാപിതാക്കന്മാർ പാപം ചെയ്ത് നാശത്തിലേയ്ക്ക് നീങ്ങിയപ്പോൾ ദൈവം ഒരു രക്ഷകനെ വാഗ്ദാനം ചെയ്തു. തിന്മയുടെ പ്രതീകമായ സർപ്പത്തോട് ദൈവം പറഞ്ഞത്) | നീയും സ്ത്രീയും തമ്മിലും നിന്റെ സന്തതിയും അവളുടെ സന്തതിയും തമ്മിലും ഞാൻ ശത്രുത ഉളവാക്കും |
| 4 | (2)ഏശയ്യായുടെ പ്രവചനങ്ങളിൽ പ്രധാനപ്പെട്ടതേത്? | ഇമ്മാനുവേൽ പ്രവചനം |
| 5 | ''വിസ്മയനീയനായ ഉപദേഷ്ടാവ്, ശക്തനായ ദൈവം, നിത്യനായ പിതാവ്, സമാധാനത്തിന്റെ രാജാവ് എന്ന് അവൻ വിളിക്കപ്പെടും'' ആര്? | ഇമ്മാനുവേൽ |
| 6 | (3) ഇമ്മാനുവേൽ പ്രവചനം പൂർത്തിയായത് എപ്പോൾ? | ഈശോയുടെ ജനനത്തോടെയാണ് ഇമ്മാനുവേൽ പ്രവചനം പൂർത്തിയാകുന്നത്. |
| 7 | ഇമ്മാനുവേൽ എന്ന വാക്കിന്റെ അർത്ഥം | ദൈവം നമ്മോടുകൂടെ |
| 8 | ദരിദ്രർക്ക് സുവിശേഷം അറിയിക്കാൻ ദൈവത്താൽ അയയ്ക്കപ്പെട്ടവനാണ് മിശിഹാ എന്ന ഏശയ്യായുടെ പ്രവചനം വായിച്ചു വിശദീകരിച്ചുകൊണ്ടാണ് . . . . . . തന്റെ പരസ്യജീവിതം ആരംഭിച്ചത് | ഈശോ |
| 9 | ''ഇസ്രായേൽ ഗോത്രത്തോടും യൂദാ ഗോത്രത്തോടും ഞാൻ ചെയ്ത വാഗ്ദാനം നിറവേറ്റുന്ന ദിവസം ഇതാ സമീപിച്ചിരിക്കുന്നു.'' എന്നു പറഞ്ഞ പ്രവാചകൻ? | ജറെമിയ |
| 10 | ദാവീദിന്റെ വംശവുമായി മിശിഹായെക്കുറിച്ചുള്ള ബന്ധം സൂചിപ്പിക്കുന്ന പ്രവാചകന്മാർ? | നാഥാൻ, ജറെമിയാ എന്നിവർ |
| 11 | മിശിഹാ യുഗങ്ങൾക്കു മുമ്പേ ഉള്ളവനാണെന്ന് എന്നു പറഞ്ഞ പ്രവാചകൻ? | മിക്കാ |
| 12 | കഴുതക്കുട്ടിയുടെ പുറത്തുകയറി വിനയാന്വിതനായി വരുന്ന രാജാവായിട്ട് മിശിഹായെ അവതരിപ്പിക്കുന്ന പ്രവാചകൻ? | സഖറിയാ |
| 13 | വരാനിരിക്കുന്ന മിശിഹാ നല്ല ഇടയനാണെന്ന് വിവരിക്കുന്ന പ്രവാചകൻ? | എസെക്കിയേൽ |
| 14 | ''കർത്താവിന്റെ വഴി ഒരുക്കുവിൻ; അവന്റെ പാത നേരെയാക്കുവിൻ. താഴ്വരകൾ നികത്തപ്പെടും. പരുപരുത്തവ മൃദുവാക്കപ്പെടും. സകല മനുഷ്യരും ദൈവത്തിന്റെ രക്ഷ കാണുകയും ചെയ്യും'' (ലൂക്കാ 3:4–6). ഏശയ്യാ പ്രവാചകന്റെ ഈ വാക്കുകൾ ആവർത്തിച്ചത് ആര്? | സ്നാപകയോഹന്നാൻ |
| 15 | (4) അവസാനത്തെ പ്രവാചകനായ സ്നാപകയോഹന്നാൻ അയയ്ക്കപ്പെട്ടത് എന്തിന്? | മിശിഹായ്ക്ക് വഴിയൊരുക്കുന്നതിനു വേണ്ടിയാണ് സ്നാപകയോഹന്നാൻ അയയ്ക്കപ്പെട്ടത് |
| 16 | (5) തന്റെ അടുക്കലേയ്ക്കുവന്ന ഈശോയെ കാണിച്ചുകൊണ്ട് സ്നാപകയോഹന്നാൻ പറഞ്ഞതെന്ത്? / യോഹ. 1:29–30 എഴുതുക?. | ഇതാ ലോകത്തിന്റെ പാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്. എന്റെ പിന്നാലെ വരുന്നവൻ എന്നെക്കാൾ വലിയവനാണെന്നു ഞാൻ പറഞ്ഞത് ഇവനെപ്പറ്റിയാണ് |
| 17 | പ്രവചനങ്ങളെല്ലാം പൂർത്തിയായത് ആരിലാണ്? | ഈശോയിലാണ് പ്രവചനങ്ങളെല്ലാം പൂർത്തിയായത്. |